**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 630** **13-01-2021 - ൽ മറുപടിയ്ക്ക്**

**പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | പുനരുപയോഗ ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ, അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 22 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ - ൽ പൂർത്തീകരിച്ചു (16.3175 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 106.14 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL, HINDALCO, പ്രൈവേറ്റ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി 136.821 മെഗാവാട്ടും കെ.എസ്.ഇ.ബിയുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 259.2875 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി ഗ്രിഡിലേയ്ക്ക് ലഭിച്ചു വരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള സ്ഥലത്ത് ആകെ 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20.01.2020 ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ NHPC മുഖേന 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ |

നടപ്പിലാക്കുന്നതിന് UMREPP സോളാർ പാർക്ക് പദ്ധതി കേന്ദ്ര സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി രൂപവൽകരിച്ച് പദ്ധതിക്കാവശ്യമായ ഭൂമിയുടെ രേഖകൾ കെ.എസ്.ഇ.ബി യുടെ പരിശോധനയ്ക്കായി NHPC ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ NTPC ഇടുക്കി റിസർവോയറിൽ 125 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിനുവേണ്ടി വനം വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുള്ള നടപടികൾ എൻ.എച്ച്.പി.സി സ്വീകരിച്ചു വരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് – 2 മെഗാവാട്ട് പദ്ധതിയും ആലുവ പ്ലാസ്റ്റിക് കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് 250 kW പദ്ധതിയും നടപ്പിലാക്കി വരുന്നു. അനെർട്ട് (1). സൗര-ഊർജ്ജ കേരള മിഷൻ : 'ഊർജ്ജ കേരള മിഷൻ' 'സൗര' പദ്ധതി പ്രകാരം 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ. - ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ കേരള മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. (2). പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു: പൊതു സ്ഥാപനങ്ങൾ സൗരവൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി നിരവധി സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. ഇവിടെല്ലാം സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ടു രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത്

സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ചു നല്കുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽമുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇത് സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോഴും പല സ്ഥാപങ്ങളിൽ നിന്ന് അന്വേഷണം അനെർട്ടിൽ ലഭിച്ചു വരികയാണ്. ഇവിടെയെല്ലാം സാധ്യത പഠനം നടന്നു കൊണ്ടിരിക്കുന്നു. (3). ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി : ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗ ശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ന്റെ ഗ്രിഡിലേയ്ക്കു നൽകുന്നതാണ് പ്രസ്തുത പദ്ധതി. (4).ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടു കൂടി സൗരോർജ്ജ നിലയം സബ്സിഡിയോടു കൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. (5). കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി : സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ 0.5 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനു മുന്നോടിയായുള്ള ടെസ്റ്റിംഗ് നടന്നു വരുന്നു. പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ

| | | | |
|---|---|---|---|
| | | | സാങ്കേതികാ നുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതികളിൽ നിന്നും ഈ കാലയളവിൽ അധികമായി എത്ര ശേഷി വൈദ്യുതിയാണ് ഉൽപാദിപ്പിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ, അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 22 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ - ൽ പൂർത്തീകരിച്ചു (16.3175 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 106.14 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL, HINDALCO, പൈവേളികെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി 136.821 മെഗാവാട്ടും കെ.എസ്.ഇ.ബിയുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 259.2875 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി ഗ്രിഡിലേയ്ക്ക് ലഭിച്ചു വരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള സ്ഥലത്ത് ആകെ 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20.01.2020 ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചു വരുന്നു. വെസ്റ്റ് കല്ലടയിൽ NHPC മുഖേന 50 മെഗാവാട്ട് ഫ്ലോട്ടിഗ് സോളാർ നടപ്പിലാക്കുന്നതിന് UMREPP സോളാർ പാർക്ക് പദ്ധതി കേന്ദ്ര സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി രൂപവൽകരിച്ച് പദ്ധതിക്കാവശ്യമായ ഭൂമിയുടെ രേഖകൾ കെ.എസ്.ഇ.ബി യുടെ പരിശോധനയ്ക്കായി NHPC ലഭ്യമാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ NTPC ഇടുക്കി റിസർവോയറിൽ 125 മെഗാവാട്ട് |

പ്ലാന്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിനുവേണ്ടി വനം വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുള്ള നടപടികൾ എൻ.എച്ച്.പി.സി സ്വീകരിച്ചു വരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് – 2 മെഗാവാട്ട് പദ്ധതിയും ആലുവ പ്ലാസ്റ്റിക് കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് 250 kW പദ്ധതിയും നടപ്പിലാക്കി വരുന്നു. അനെർട്ട് (1).
സൗര-ഊർജ്ജ കേരള മിഷൻ : 'ഊർജ്ജ കേരള മിഷൻ' 'സൗര' പദ്ധതി പ്രകാരം 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ. - ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ കേരള മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. (2).
പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്നു: പൊതു സ്ഥാപനങ്ങൾ സൗരവൈദ്യുതീകരണം നടത്തുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി നിരവധി സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണങ്ങൾ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. ഇവിടെല്ലാം സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാവാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. അനെർട്ട് രണ്ടു രീതിയിലാണ് സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാമത്തേത് സ്ഥാപനത്തിന്റെ മുതൽ മുടക്കിൽ സൗരോർജ്ജ നിലയം സ്ഥാപിച്ചു നല്കുന്ന രീതിയാണ്. രണ്ടാമത്തേത് സ്ഥാപനത്തിന് മുതൽമുടക്കില്ലാതെ സൗരോജ്ജ നിലയം റെസ്കോ മാതൃകയിൽ നടപ്പിലാക്കുന്ന രീതി. ഇവിടെ നിശ്ചിത നിരക്കിൽ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്ന വൈദ്യുതിയെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കും. ഇത് സ്ഥാപനങ്ങളുടെ വൈദ്യുതി ചെലവ് ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോഴും പല സ്ഥാപങ്ങളിൽ നിന്ന് അന്വേഷണം അനെർട്ടിൽ ലഭിച്ചു വരികയാണ്. ഇവിടെയെല്ലാം സാധ്യത പഠനം

| | | | |
|---|---|---|---|
| | | | നടന്നു കൊണ്ടിരിക്കുന്നു. (3). ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി : ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗ ശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ന്റെ ഗ്രിഡിലേയ്ക്കു നൽകുന്നതാണ് പ്രസ്തുത പദ്ധതി. (4).ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടു കൂടി സൗരോർജ്ജ നിലയം സബ്സിഡിയോടു കൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. (5). കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി : സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ 0.5 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനു മുന്നോടിയായുള്ള ടെസ്റ്റിംഗ് നടന്നു വരുന്നു. പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാ നുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ